# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3450 | 23.06.2014-ൽ മറുപടിയ്ക്ക്

## ബ്ലേഡ് മാഫിയകളിൽ നിന്നും പിടിച്ചെടുത്ത രേഖകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| ഓപ്പറേഷൻ കുബേര പ്രകാരം ബ്ലേഡ് മാഫിയക്കാരിൽ നിന്നും പിടിച്ചെടുത്ത പണം, കടംകൊടുത്ത രേഖകൾ, ബ്ലാങ്ക് ചെക്കുകൾ, ഭൂമിയുടെ പ്രമാണവും കരം അടച്ച രസീത് ഉൾപ്പെടെയുള്ള രേഖകൾ, കരാർ എഴുതിയ പേപ്പറുകൾ, പ്രോമിസറി നോട്ടുകൾ, വെള്ളക്കടലാസിൽ ഒപ്പിട്ട രേഖകൾ തുടങ്ങിയവയുടെ എണ്ണമുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ? | ഓപ്പറേഷൻ കുബേര പ്രകാരം ബ്ലേഡ് മാഫിയക്കാരിൽ നിന്നും 5,92,89,827/- (അഞ്ചുകോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ്) രൂപ പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ 9436 കടം കൊടുത്തതായ രേഖകളും, 7898 ബ്ലാങ്ക് ചെക്കുകളും, 1472 ഭൂമിയുടെ പ്രമാണങ്ങളും, 642 കരം അടച്ച രസീത് ഉൾപ്പെടെയുള്ള രേഖകളും, 6242 കരാർ എഴുതിയ പേപ്പറുകളും, 1536 പ്രോമിസറി നോട്ടുകളും, 1777 വെള്ളക്കടലാസിൽ ഒപ്പിട്ട രേഖകളും കണ്ടെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ